(എ) അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി സംസ്ഥാനത്ത് ഒരു ഹൈടെക് മാംസോത്പാദന യൂണിറ്റ് സ്ഥാപിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി ഏതെങ്കിലും വിദേശ കമ്പനിയുടെ സഹകരണം തേടിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫാക്ടറി ആരംഭിക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണതോതിൽ എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്താരാഷ്ട്ര വിപണികൂടി ലക്ഷ്യമാക്കി ഒരു സംയുക്ത സംരംഭമായി ചാലക്കുടിയിൽ ഒരു ഹൈടെക് മാംസോൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) ഫാക്ടറി ആരംഭിക്കുന്നതിനായി ചെന്നൈയിലെ സ്വകാര്യ സ്ഥാപനമായ വെർജിൻ ഫുഡ് സർവ്വീസസ് എന്ന കമ്പനിയുമായി സർക്കാർ തലത്തിൽ ചർച്ചനടത്തുകയും കരടു ധാരണാപത്രം അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ഡി) ഒരു വർഷത്തിനകം ഉൽപ്പാദനം പൂർണ്ണമായി തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പാചകവാതക വിതരണത്തിലെ അപാകതകൾ

105 (119) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വ്യാപകമായ രീതിയിൽ പരാതിക്ക് വിധേയമായ വിതരണ ഏജൻസികളെ നിയന്ത്രിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പാചകവാതകം ലഭിക്കുന്നതിന് ഉപഭോക്താക്കൾ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഫലമായി മുൻകാലങ്ങളെ അപേക്ഷിച്ച് പരാതിയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്യാസ്

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയിലെ തിരിമറി കണ്ടുപിടിക്കുന്നതിനായി നിരന്തരം പരിശോധനകൾ നടത്താൻ വകുപ്പിലെ ഫീൽഡ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ കീഴിലുള്ള സംസ്ഥാനതല അന്വേഷണസംഘം അവശ്യവസ്തുക്കളുടെ ദുരുപയോഗവും വിതരണത്തിലെ ക്രമക്കേടുകളും കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ഉടനീളം മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന ഗ്യാസ് ഏജൻസിക്കെതിരെ 2000-ലെ എൽ.പി.ജി. റെഗുലേഷൻ ഓർഡർ പ്രകാരവും 1955-ലെ അവശ്യ വസ്തു നിയമപ്രകാരവും ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഓയിൽ കമ്പനികൾ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് പ്രകാരം പ്രസ്തുത ഗ്യാസ് ഏജൻസികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്.

എൽ.പി.ജി. വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടർ അധ്യക്ഷനായുള്ള ഓപ്പൺ ഫോറങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികളും അഭിപ്രായങ്ങളും ഓപ്പൺ ഫോറങ്ങളിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. കൂടാതെ Consumer Help line മുഖേന ഉപഭോക്താക്കളുടെ പരാതികൾ ഉടൻ പരിഹരിക്കുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്.

ഇപ്പോൾ റീഫിൽ സിലിണ്ടർ ലഭിക്കുന്നതിന് ഐ.ഒ.സി-യിൽ 25 ദിവസവും ബി.പി.സി.-യിലും എച്ച്.പി.സി.-യിലും 21 ദിവസവുംവേണം. ഓയിൽ കമ്പനികളുടെ ബോട്ട്ലിങ് പ്ലാന്റിലുള്ള തൊഴിൽ തർക്കങ്ങൾമൂലവും അവശ്യ വസ്തു വിതരണം തടസ്സപ്പെടുമ്പോൾ സർക്കാർ ഇടപെട്ട് ഉടൻതന്നെ പരിഹാരം കാണുന്നുമുണ്ട്.

ഇ-ടെൻഡർ ഒഴിവാക്കണമെന്ന ആവശ്യം

106 (120) ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ ;അത് എന്നു മുതൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇ-ടെൻഡർ സമ്പ്രദായം നടപ്പാക്കിയതു നിമിത്തം കോർപ്പറേഷന് സാധന സംഭരണത്തിൽ നേട്ടമുണ്ടായിട്ടുണ്ടോ ; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ; ഇപ്പോൾ നിലവിൽവന്ന ഇ-ടെൻഡർ സമ്പ്രദായം മാറ്റി പഴയരീതി പുനഃസ്ഥാപിക്കണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ ; പ്രസ്തുത ആവശ്യം അംഗീകരിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2005 ഫെബ്രുവരി മാസം മുതലാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly